LIBRARY ARCHIVES Kerala Legislative Assembly

ടോഡി കോർപ്പറേഷൻ രൂപീകരിക്കാൻ നടപടി

69(2321) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കള്ള് ഉൽപ്പാദിപ്പിക്കാനും വിൽക്കാനും ബിവറേജസ് കോർപ്പറേഷൻ മാതൃകയിൽ ഒരു ടോഡി കോർപ്പറേഷൻ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതു സംബന്ധമായി ഏതെങ്കിലും കമ്മിറ്റിയുടെ ശിപാർശ ഇതിനകം ലഭിക്കുകയുണ്ടായോ ; എങ്കിൽ എന്നാണ് ലഭിച്ചത് ; എന്തൊക്കെയാണ് കമ്മിറ്റിയുടെ പ്രധാന ശിപാർശകൾ ;

(സി) കള്ള് ചെത്ത് വ്യവസായ മേഖലയുമായി ബന്ധപ്പെട്ട കാര്യങ്ങളെ കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാനാണോ കമ്മിറ്റിക്ക് രൂപം നൽകിയത് ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) മദ്യ നയത്തിന് ഇതിനകം രൂപം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ രൂപം നൽകുമോ ; എങ്കിൽ എന്നത്തേക്ക് രൂപം നൽകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇക്കാര്യം ഇപ്പോൾ പരിശണനയിലില്ല.

(ബി) ഇല്ല.

(സി) പരമ്പരാഗതവും തൊഴിലധിഷ്ഠിതവുമായ കള്ള് ചെത്ത് വ്യവസായ മേഖല സംരക്ഷിക്കുന്നതിന് ആവശ്യമായ ശിപാർശകൾ സമർപ്പിക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. ജി.ഒ.(എംഎസ്.) നമ്പർ 26/11/റ്റിഡി. തീയതി 14-2-2011 പ്രകാരം, 2011-2012 വർഷത്തെ അബ്കാരി നയം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കൃത്രിമ കള്ള് നിർമ്മാണം

70(2322) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്ധ്യകേരളത്തിലും മലബാർ മേഖലയിലും കൃത്രിമ കള്ളിന്റെ നിർമ്മാണം കൂടുതൽ സജീവമാണെന്ന് രഹസ്യ അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടായിരുന്നുവോ ;

(ബി) എങ്കിൽ ഇതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നറിയിക്കുമോ ?

ഉത്തരം

(എ) മദ്ധ്യമേഖലയിൽ, ടി വിഷയം, രഹസ്യ അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു.

(ബി) മദ്ധ്യമേഖലയിൽ സംശയമുണ്ടായിരുന്ന കള്ളുഷാപ്പുകളിൽ പ്രത്യേക പരിശോധന കർശനമാക്കുകയും, സാമ്പിൾ എടുത്ത് ലഭിച്ച രാസപരിശോധനാ ഫലത്തിന്റെ അടിസ്ഥാനത്തിൽ, ലൈസൻസികൾക്ക് എതിരെ കേസ് രജിസ്റ്റർ ചെയ്യുകയും, ഷാപ്പുകളുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

വിഷക്കള്ള് ദുരന്തങ്ങൾ

71(2323) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടയ്ക്കിടെ ഉണ്ടാകുന്ന വിഷക്കള്ള് ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്നതും വിൽക്കപ്പെടുന്നതുമായ കള്ളിന്റെ അളവിലെ അന്തരം വലുതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇവ വ്യാജമദ്യ ലോബിക്ക് ഇടം നൽകുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ഡി) ഇവ പരിശോധിക്കുന്നതിനും പ്രാദേശിക മദ്യ നിരോധനം ഏർപ്പെടുത്തുന്നതിനും ത്രിതല പഞ്ചായത്തുകൾക്കുണ്ടായിരുന്ന അധികാരം പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിഷക്കള്ള് ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാൻ കള്ള്ഷാപ്പുകളിൽ കൂടി വില്പന നടത്തുന്ന കള്ളിന്റെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് കർശന നടപടികൾ സ്വീകരിച്ചു വരുന്നു. കൃത്രിമ കള്ളിന്റേയും, മായം ചേർത്ത കള്ളിന്റെയും വില്പന തടയാൻ നിരന്തര പരിശോധന നടത്തുകയും, സാമ്പിളുകൾ രാസപരിശോധനയ്ക്ക് അയയ്ക്കുകയും ചെയ്യുന്നു. രാസപരിശോധനയിൽ വീര്യം കൂടുതലോ, മായമോ കണ്ടെത്തിയാൽ ജാമ്യമില്ലാ വകുപ്പു പ്രകാരം കേസ് എടുത്ത് ലൈസൻസ് റദ്ദു ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല

(ഡി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly